ജോസ് തയ്യിലിനെ ഫലകം നല്കി ആദരിച്ചു. ലാനയോടുള്ള സഹകരണം, അമേരിക്കൻ മലയാളി എഴുത്തുകാർക്കു നൽകുന്ന സേവനം, ഏറ്റവും പഴക്കമുള്ള അമേരിക്കൻ മലയാള പത്രത്തിന്റെ ഏഡിറ്റർ എന്നെ നിലകളിലുള്ള അംഗീകാരമായിരുന്നു അത്.

2008 ഫെബ്രുവരി 1-ന് "ലാന കേരള സമ്മേളനം" കോട്ടയം ഓർകിഡ് റെസിഡെൻസിയിൽ എബ്രഹാം തെക്കേമുറി കൺവീനറായി നടത്തി. മന്ത്രി മോൻസ് ജോസഫ്, ഡോ. ബാബു പോൾ, ശശിധരൻ നായർ, കേരളത്തിലെ സാഹിത്യ മാധ്യമ പ്രവർത്തകർ മുതലായവർ പങ്കെടുത്തു. പി.വി. പവൻ (കേരള കൌമുദി), ഡോ. ഫ്രാങ്ക്ലിൻ (ആയുർവേദം), ഡോ. സന്തോഷ് കമാർ (അമൃത ടി.വി), സിന്ധു സൂര്യകമാർ (ഏഷ്യനെറ്റ്) എന്നിവരെ അവാർഡ് നൽകി ആദരിച്ചു.

ചിക്കാഗോയിൽ ആദ്യമായി നടത്തപ്പെട്ട റീജണൽ സമ്മേളനം ഡിസംബർ 5, 6, 7 തീയതികളിൽ, വള്ളത്തോൾ നഗർ എന്നു നാമകരണം ചെയ്യപ്പെട്ട, ഓൾ അമേരിക്കൻ ബാങ്ക് ഓഡിറ്റോറിയത്തിൽ അരങ്ങേറി. ഷാജൻ ആനിത്തോട്ടം ആയിരുന്നു കൺവൻഷൻ ചെയർപേഴ്സൺ. ചിക്കാഗോ സാഹിത്യവേദി ആധിതേയത്വം അരുളി. പ്രസി. പീറ്റർ നീണ്ടൂർ, ഡോ. റോയി പി. തോമസ്, എബ്രഹാം തെക്കേമുറി, ജോസഫ് നമ്പിമഠം, ഷാജൻ ആനിത്തോട്ടം, ജോൺ ഇലക്കാട് എന്നിവർ ഉദ്ഘാടന പ്രസംഗങ്ങൾ നടത്തി.

മാധ്യമ സംവാദത്തിൽ ജോസ് കണിയാലി, കെ.എം. ഈപ്പൻ, ശിവൻ മുഹമ്മ, ജോയിച്ചൻ പുതുക്കുളം, ലാന, സാഹിത്യവേദി അംഗങ്ങളും പങ്കെടുത്തു.ശ്രീധരൻ കർത്തായുടെ നേതൃത്വത്തിൽ അക്ഷര ശ്ലോകം നടന്നു. "അമേരിക്കയിലെ മലയാള സാഹിത്യവും ക്രിയാത്മക വിമർശനവും" എന്ന സെമിനാറിൽ എൻ. പി. ഷീലയും പീറ്റർ നീണ്ടൂറും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ചെറുകഥ ചർച്ചയ്ക്ക് സാംസി കൊട്ടമണ്ണും അബ്ദുൽ പുന്നയൂർക്കുളവും, കവിയരങ്ങിന് ഉമ രാജ, ശ്യാം പരമേശ്വരൻ എന്നിവരും നേതൃത്വം കൊടുത്തു. "വിശ്വസാഹിത്യത്തിലെ വിസ്മയമുത്തുകൾ" എന്ന സെമിനാറിൽ ജോസഫ് നമ്പിമഠവും ജോൺ മാത്യുവും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പുതിയ പുസ്തകങ്ങളുടെ പരിചയപ്പെടൽ, പുസ്തക പ്രദർശനം എന്നിവ ശ്രദ്ധേയമായി. ഡോ. എ.കെ.ബി. പിള്ള, പ്രൊഫ. കോശി തലയ്ക്കൽ എന്നിവർ നയിച്ച "മലയാള സാഹിത്യ ചരിത്രവും വികാസവും" ശ്രദ്ധേയമായ മറ്റൊരിനമായിരുന്നു.

2009 ഒക്ടോബർ 23,24 തീയതികളിൽ, കടമ്മനിട്ട നഗർ എന്ന് നാമകരണം ചെയ്ത, ഹ്യൂസ്റ്റണിലെ ഷുഗർലാണ്ടിലുള്ള കഫേ ഇൻഡ്യ ബാങ്ക്വറ്റ് ഹാളിൽ ദേശീയ സമ്മേളനം അരങ്ങേറി. ജോൺ മാത്യു ആയിരുന്നു കൺവൻഷൻ ചെയർമാൻ. ഹ്യൂസ്റ്റൻ റൈറ്റേഴ്സ് ഫോറം പ്രവർത്തകരും മലയാളം സൊസൈറ്റി പ്രവർത്തകരും ആതിഥേയ സംഘടനകളായിരുന്നു.

മുഖ്യാതിഥി പോൾ സക്കറിയ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം നടത്തി. എം.എസ്.ടി നമ്പൂതിരി, നമ്പിമഠം, മനോഹർ തോമസ് എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് മാധവിക്കുട്ടി, കടമ്മനിട്ട, ചാക്കോ ശങ്കരത്തിൽ എന്നിവരെ അനുസ്മരിച്ചു. ചൊല്ക്കാഴ്ചയിൽ നമ്പിമഠം, ഓച്ചാലിൽ, എം.എസ്.ടി, ജോസൻ, പീറ്റർ എന്നിവർ പങ്കെടുത്തു.

കവിസമ്മേളനം ഉദ്ഘാടനം ചെയ്ത് എം.വി. പിള്ള ദീർഘമായ പ്രഭാഷണം നടത്തി. സമയക്കുറവുമൂലം കവിയരങ്ങ് നടന്നില്ല. സാഹിത്യ സംവാദനം സക്കറിയ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ചെറുകഥാശില്പശാലയിൽ എൻ.പി. ഷീലയും, മലയാളത്തിന്റെ മാറ്റങ്ങൾ എന്ന സെമിനാറിൽ കോശി തലയ്ക്കലും പ്രഭാഷണങ്ങൾ നടത്തി. മലയാള ഗദ്യവും സാമൂഹിക മാറ്റങ്ങളും--സണ്ണി എഴുമറ്റൂർ, ഇന്ത്യൻ ഇംഗ്ലീഷ് നോവലിസ്റ്റുകൾ--നമ്പിമഠം, വാക്കുകളുടെ ഉല്പത്തി-ഈശോ ജേക്കബ് എന്നിവർ സംസാരിച്ചു. എ.സി. ജോർജ്ജ് നയിച്ച മീഡിയ സെമിനാറിൽ ജനനി--ജെ. മാത്യൂസ്, ആഴ്ചവട്ടം--ജോർജ്ജ് കാക്കനാട്ട്, മലയാളി--ഫാൻസിമോൾ പള്ളാത്തുമഠം എന്നിവരും മറ്റു സാംസ്കാരിക പ്രവർത്തകരും പങ്കെടുത്തു. പുസ്തക പരിചയം, പുസ്തക



പ്രദർശനം, എഴുത്തുകാരുടെ ചിത്രപ്രദർശനം എന്നിവയും ഉണ്ടായിരുന്നു.

സമാപന സമ്മേളനത്തിൽ സക്കറിയ, എം.വി.പിള്ള, ടോം മാത്യൂസ്, ഷാജൻ ആനിത്തോട്ടം, ജോർജ്ജ് മണ്ണിക്കരോട്ട്, ശശിധരൻ നായർ, എസ്. കെ. ചെറിയാൻ, ജോസ് ജോൺ തെങ്ങുംപ്ലാക്കൽ മുതലായ അനേകം പേർ ആശംസാപ്രസംഗങ്ങൾ ചെയ്തു.

ഡോ. എം.എസ്.ടി. നമ്പൂതിരിക്ക് ലാനയുടെ ഫെലോഷിപ്പും, ഡോ. എം.വി. പിള്ള, ഡോ. എൻ.പി. ഷീല, പ്രൊഫ. കോശി തലയ്ക്കൽ എന്നിവർക്ക് ലാനയുടെ വിശിഷ്ട അംഗത്വവും നൽകി ആദരിച്ചു. ബെസ്റ്റ് കമ്യൂണിറ്റി ലീഡർ അവാർഡ് ശശിധരൻ നായർക്കും നല്കി.

ഇലക്ഷൻ ഓഫീസർ ഡോ. എം.എസ്.ടി. നമ്പൂതിരിയുടെ മേൽനോട്ടത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസി. എബ്രഹാം തെക്കേമുറി, സെക്ര. സാംസി കൊടുമൺ, വൈസ്. പ്രസി. ജെ മാത്യൂസ്, ജോ. സെക്ര. ഷാജൻ ആനിത്തോട്ടം, ട്രഷ. വാസുദേവ് പുളിക്കൽ.

2009-2011 ചരിത്രം സെക്രട്ടറി സാംസി കൊടുമണ്ണിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലാന ന്യൂയോർക്കിൽ സമ്മേളിക്കുമ്പോൾ 14 വർഷം പൂർത്തിയായിക്കഴിയും. കഴിഞ്ഞ പതിനഞ്ചുവർഷം ഇതിനു രൂപകൊടുക്കാനും വളർത്താനും പാലിക്കാനും, തുടക്കം മുതൽ ഇന്നുവരെ സന്തത സഹചാരികളായി നില്ക്കുന്ന പലരുമുണ്ട്. അവരുടെയും പിന്നീട് വന്നവരുടെയും പ്രവർത്തനം കൊണ്ടാണ് ഈ സംഘടന ഇന്ന് നിലനിൽക്കുന്നത്. ഗ്രൂപ്പുകളിയോ, ഭിന്നിപ്പോ, ഇലക്ഷനോ ഇല്ലാതെ മാതൃകാ സംഘടനയായി ലാന ഇത്രയും കാലം നിലനിന്നു. ആരു നേതൃസ്ഥാനത്തിരിക്കുന്നു എന്നതിനേക്കാൾ പ്രാധാന്യം, എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നതും, ലാനയെ മുൻപുണ്ടായിരുന്നതിനേക്കാൾ ഒരു പടികൂടി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചോ എന്നതുമാണ് പ്രധാനം. വരുംകാലങ്ങളിലും അങ്ങിനെ ആയിരിക്കട്ടെ ലാന.

കുറിപ്പ്: ഓർമ്മപ്പിശകുകൊണ്ടോ, രേഖകളുടെ അഭാവത്താലോ, ഏതെങ്കിലും വ്യക്തിയെയോ സംഭവത്തെയോ വിട്ടുപോയിട്ടുണ്ടെങ്കിൽ രേഖകളുടെ അടിസ്ഥാനത്തിൽ തിരുത്തലുകൾക്ക് തയ്യാറാണ്. ●

## Lana Officials List

| President | Secretary | Tresurer |
|---|---|---|
| 1997 - 1999<br>Dr. M.S.T. Namboothiri | Mr. Joseph Nambimadom | Mr. C. M. Chacko |
| 1999 - 20001<br>Mr. Joseph Nambimadom | Mr. Chacko Sankarathil | Mr. Asokan Vengacherry |
| 2001 -2003<br>Mr. Manohar Thomas | Mr. John Elamatha | Mr. Abraham Theckemury |
| 2003 -2005<br>Mr. John Elamatha | Mr. Abraham Thomas | Mr. John Mathew |
| 2005 -2007<br>Mr.Abraham Thomas | Mr. Abdul Punnayoourkulam | Mr. Abraham Theckemury |
| 2007 - 2009<br>Mr. V. C. Peter Neendoor | Mr. Abraham Theckemury | Mr. John Mathew |
| 2009 - 2011<br>Mr. Abraham Theckemury | Mr. Samcy Kodumon | Mr. Vasudev Pulikkal. |